പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1203 — 06.02.2020 ൽ മറുപടിക്ക്

## രാജ്യറാണി എക്സ്പ്രസ്സ് എത്തിച്ചേരുന്ന സ്ഥലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂരിൽ നിന്നും പുറപ്പെടുന്ന രാജ്യറാണി എക്സ്പ്രസ്സ് മുമ്പത്തേതിൽ നിന്നും വ്യത്യസ്തമായി കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്.<br>എന്നാൽ രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേക്ക് തന്നെ മാറ്റണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് 30.12.2019 ലെ കത്ത് മുഖേന വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്ത് നിന്ന് അനുഭാവപൂർണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു. |
| (ബി) | ക്യാൻസർ രോഗികൾക്കടക്കം നിരവധി യാത്രക്കാർക്ക് ഈ മാറ്റം ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ, രാജ്യറാണി എക്സ്പ്രസ്സ് എത്തിച്ചേരുന്ന സ്ഥലം മുമ്പത്തേതുപോലെ തിരുവനന്തപുരം സെന്റട്രലിലേക്ക് തന്നെ മാറ്റുന്ന കാര്യത്തിൽ ഇടപെടാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ